സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം

(സാന്നിദ്ധ്യം : എസ് ബിന്ദു)

സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളിലെ വഴിപാട് നിരക്കുകൾക്ക് സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ഏർപ്പെടുത്തിയ സംഗതി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

R.O.C.No.10416/12/Suit/NS — നന്തൻകോട്, 22/05/2025

---

പരാമർശം : 1. 19/05/2022 ലെ മേൽ നമ്പർ ഉത്തരവ്.
2. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 05/05/2025 ലെ ഡി.എ 689/25/ഇ1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിലെ വഴിപാടുകളിൽ സപ്ലെയർ തുകയിൽ നിന്നും ചുവടെ വിവരിക്കും പ്രകാരം നിശ്ചിത ശതമാനം സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ആയി ഒടുക്ക് വരുത്തേണ്ടതാണെന്ന് തീരുമാനിച്ച് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

| ഒരു ദിവസത്തെ സപ്ലെയർ തുക | ഒടുക്ക് വരുത്തേണ്ടത് |
|---|---|
| 1 രൂപ മുതൽ 500 രൂപ വരെ | 5% |
| 501 രൂപ മുതൽ 1000 രൂപ വരെ | 5% |
| 1001 രൂപ മുതൽ 2000 രൂപ വരെ | 10% |
| 2001 രൂപ മുതൽ 3000 രൂപ വരെ | 15% |
| 3001 രൂപ മുതൽ 6000 രൂപ വരെ | 25% |
| 6001 രൂപ മുതൽ 10000 രൂപ വരെ | 30% |
| 10001 രൂപ മുതൽ | 35% |

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വഴിപാട് നിരക്കുകൾ (മുതൽക്കൂട്ട്, സപ്ലെയർ) 01/04/2016 ൽ വർദ്ധിപ്പിച്ചതിനുശേഷം 5 വർഷം കഴിഞ്ഞ് കാലോചിതമായ വർദ്ധനവ് ഏർപ്പെടുത്തേണ്ടിയിരുന്നുവെങ്കിലും നിർഭാഗ്യവശാൽ 9 വർഷത്തിനുശേഷം 20/03/2025 മുതൽ മാത്രമാണ് നിരക്ക് വർദ്ധനവ് നടപ്പിലാക്കുവാൻ സാധിച്ചതെന്നും ദീർഘകാലം സപ്ലെയർ കോസ്റ്റ് ഉൾപ്പെടെയുള്ള വഴിപാട് നിരക്ക് പുതുക്കി നിശ്ചയിക്കാത്തത് നിമിത്തം 22/06/2021 ൽ ബോർഡുത്തരവ് പ്രകാരം നടപ്പിലാക്കിയ 45% വരെയുള്ള സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ 19/05/2022 ലെ ബോർഡുത്തരവ് പ്രകാരം

35% വരെയാക്കി വെട്ടിക്കുറയ്ക്കുകയുണ്ടായെന്നും വഴിപാട് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് കണക്കിലെടുത്താണ് ഇത്തരത്തിൽ 10% വരെ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ വെട്ടിക്കുറച്ച് അനുവാദം നൽകിയതെന്നും വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു.

എന്നാൽ വഴിപാട് നിരക്ക് വർദ്ധിപ്പിച്ചതിൽ സപ്ലൈയർ തുക 30% വരെ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടെന്നും വഴിപാട് മുതൽക്കൂട്ടിന്റെ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ എന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുഖ്യവരുമാനത്തിൽ ഒന്നാകുന്നുവെന്നും നിലവിൽ വഴിപാട് നിരക്കിൽ ഉൾപ്പെടുന്ന സപ്ലൈയർ തുക വലിയ രീതിയിൽ വർദ്ധിച്ചിട്ടുള്ളതിനാൽ ദേവസ്വങ്ങളിൽ നിന്നുള്ള വരുമാനത്തിൽ വലിയ ചോർച്ച അനുഭവപ്പെടുന്നുണ്ടെന്നും ശമ്പളം, പെൻഷൻ പരിഷ്കരണം, വൈദ്യുതി, വാട്ടർചാർജ്, നിർമ്മാണ പ്രവർത്തികളുടെ വർദ്ധനവ്, ഡി.എ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിലൂടെയുള്ള അധിക ബാദ്ധ്യത എന്നിവ നിമിത്തം ബോർഡ് വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന അവസ്ഥ സംജാതമായിരിക്കുകയാണെന്നും ടി സാഹചര്യത്തിൽ 19/05/2022 ലെ ബോർഡുത്തരവിലെ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേണിൽ വരുത്തിയ ഭേദഗതി ചുവടെ വിവരിക്കും വിധം മാറ്റം വരുത്തി ഉത്തരവുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്നും ടി റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതാണ്.

| ഒരു ദിവസത്തെ സപ്ലൈയർ തുക | നിലവിൽ ഒടുക്ക് വരുത്തേണ്ടത് |
|---|---|
| 1 രൂപ മുതൽ 500 രൂപ വരെ | ഇല്ല |
| 501 രൂപ മുതൽ 1250 രൂപ വരെ | 5% |
| 1251 രൂപ മുതൽ 2250 രൂപ വരെ | 10% |
| 2251 രൂപ മുതൽ 3250 രൂപ വരെ | 15% |
| 3251 രൂപ മുതൽ 6250 രൂപ വരെ | 25% |
| 6251 രൂപ മുതൽ 10250 രൂപ വരെ | 35% |
| 10251 രൂപ മുതൽ 12500 രൂപ വരെ | 40% |
| 12501 രൂപ മുതൽ | 45% |

ഒരു ദിവസം ആകെ ലഭിക്കുന്ന സപ്ലൈയർ തുക അടിസ്ഥാനപ്പെടുത്തി മുഴുവൻ തുകയ്ക്കും സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ബാധകമാക്കേണ്ടതാണെന്നും ഉദാഹരണത്തിന് 500/- രൂപ മാത്രം സപ്ലൈയർ ഇനത്തിൽ വരികയാണെങ്കിൽ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ അടയ്ക്കേണ്ടതില്ലായെന്നും എന്നാൽ 12,600/- രൂപ സപ്ലൈയർ തുക വരികയാണെങ്കിൽ 5670/- രൂപ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ഇനത്തിൽ ഒടുക്ക് വരുത്തേണ്ടതാണെന്നും മറ്റെല്ലാകാര്യങ്ങളും നിലവിലെ ഉത്തരവ് പ്രകാരം തന്നെ തുടരാവുന്നതാണെന്നും ടി റിപ്പോർട്ടിൽ തുടർന്ന് വിവരിച്ചിട്ടുള്ളതാണ്. (പരാമർശം 2)

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് ഇൻസ്പെക്ഷൻ (ഇൻ ചാർജ്ജ്)), ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ എന്നിവരുമായി 21/05/2025 ൽ ബോർഡാഫീസിൽ വച്ച് ചർച്ച നടത്തിയിട്ടുള്ളതാണ്.

പ്രസ്തുത ചർച്ചയിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥരും സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ 45% ആയി വർദ്ധിപ്പിക്കുന്നതിൽ അപാകതയില്ലായെന്ന് അറിയിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വഴിപാട് നിരക്കുകൾ 30% വർദ്ധിപ്പിച്ചിട്ടുള്ളതിനാലും സപ്ലെയർ തുകയുടെ നിശ്ചിത ശതമാനം ചുവടെ വിവരിക്കും ക്രമം സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ആയി ഒടുക്ക് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവാകുന്നു.

| ഒരു ദിവസത്തെ സപ്ലെയർ തുക | 23/05/2025 മുതൽ ഒടുക്ക് വരുത്തേണ്ടത് |
|---|---|
| 1 രൂപ മുതൽ 500 രൂപ വരെ | ഇല്ല |
| 501 രൂപ മുതൽ 1250 രൂപ വരെ | 5% |
| 1251 രൂപ മുതൽ 2250 രൂപ വരെ | 10% |
| 2251 രൂപ മുതൽ 3250 രൂപ വരെ | 15% |
| 3251 രൂപ മുതൽ 6250 രൂപ വരെ | 25% |
| 6251 രൂപ മുതൽ 10250 രൂപ വരെ | 35% |
| 10251 രൂപ മുതൽ 12500 രൂപ വരെ | 40% |
| 12501 രൂപ മുതൽ | 45% |

പരാമർശം 1 ഉത്തരവിൽ പ്രതിപാദിക്കുന്ന മറ്റെല്ലാ വിഷയങ്ങളിലും തൽസ്ഥിതി തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചും ബോർഡുത്തരവാകുന്നു.

പ്രസ്തുത ഉത്തരവിന്റെ പ്രാബല്യതീയതി 23/05/2025 ആയി നിശ്ചയിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
സെക്രട്ടറി